(ഡി) ഒളിംപിക്സ് തലത്തിൽ അംഗീകരിക്കപ്പെട്ട കായിക വിനോദങ്ങളും കേരളീയ പാരമ്പര്യത്തിന്റെ ഭാഗമായിട്ടുള്ളതുമായ കായിക മത്സരങ്ങളും ദൃശ്യമാധ്യമങ്ങളുടെ സഹായത്തോടെ വിവരിക്കുന്ന സ്പോർട്സ് ഇൻഫർമേഷൻ സെന്ററും പരിശീലനകേന്ദ്രവും കുട്ടികൾക്കായി ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല. എം.എൽ.എ.യുടെ നിവേദനം ബന്ധപ്പെട്ട വകുപ്പിന് ലഭിച്ചതായി കാണുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ സർക്കാരിന്റെ സഹായത്തോടെ ഇൻഫർമേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി എടുത്തു വരുന്നു.

ദേശീയതലത്തിൽ പ്രാഗൽഭ്യം തെളിയിച്ച കായികതാരങ്ങൾക്ക് പ്രത്യേക പരിശീലനം

148 [1866] ശ്രീ. സി. കെ. നാണു :

„ കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഖിലേന്ത്യാടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റി തലത്തിലും മറ്റ് ജൂനിയർ വിഭാഗങ്ങളിലും സ്പോർട്സിനും ഗെയിംസിനും ദേശീയ നിലവാരത്തിൽ പ്രാഗൽഭ്യം തെളിയിച്ച കായികതാരങ്ങൾക്ക് പ്രത്യേക പരിശീലനം നൽകുന്നതിനുള്ള എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ അവ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ കേരളത്തിലെ പ്രധാനപ്പെട്ട 30 കോളേജുകളിൽ സ്പോർട്സ് ഹോസ്റ്റലുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ, കൗൺസിൽ നേരിട്ട് 8 സെൺട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റലുകൾ പ്രവർത്തിപ്പിച്ചുവരുന്നു. പ്രസ്തുത ഹോസ്റ്റലുകളിൽ ദേശീയ അന്തർദേശീയ തലത്തിൽ പ്രാഗൽഭ്യം തെളിയിക്കുന്നവർക്ക് വിദഗ്ദ്ധ പരിശീലനം നൽകാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് (വിദേശ പരിശീലകർ, സായി, സ്പോർട്സ് കൗൺസിൽ പരിശീലകർ). കളിക്കാർക്ക് ആവശ്യമായ ഭക്ഷണം, യൂണിഫോം, സ്പോർട്സ് ഉപകരണങ്ങൾ, യാത്രാബത്ത എന്നിവയും സ്പോർട്സ് കൗൺസിൽ നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly